"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.സുനിൽലാൽ കാഞ്ഞിരത്തിങ്കൽ ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.(ഇ.കെ.എം)-980/2023-ന്മേലുള്ള 23.06.2023-ലെ ഉത്തരവ് അനുപാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.465/2024/H&FWD തീയതി,തിരുവനന്തപുരം, 16-02-2024

---

പരാമർശം:-

1. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM)-980/2023-ന്മേലുള്ള 23.06.2023-ലെ ഉത്തരവ്.
2. ഡോ.സുനിൽലാൽ കാഞ്ഞിരത്തിങ്കൽ സമർപ്പിച്ച 26.06.2023-ലെ അപേക്ഷ.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 26.12.2023-ലെ ഇ.എ1-25435/2023/ആവഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2023-ലെ പൊതു സ്ഥലംമാറ്റത്തിൽ കോഴിക്കോട് ജില്ലയിലേയ്ക്ക് സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിരുന്നെങ്കിലും, ആയത് പരിഗണിക്കപ്പെടാത്തതിനെതിരെ അപേക്ഷകൻ ഡോ.സുനിൽലാൽ ട്രൈബ്യൂണൽ മുമ്പാകെ OA (EKM) 980/2023 ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിന്മേൽ ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിൽ, ഉത്തരവ് പുറപ്പെടുവിച്ച് ഒരാഴ്ചയ്ക്കുള്ളിൽ അപേക്ഷകൻ പ്രസ്തുത ആവശ്യം ഉന്നയിച്ച് സർക്കാർ മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ, ആയത് സർക്കാർ പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു.

2) പരാമർശം (2) പ്രകാരം ഡോ.സുനിൽലാൽ സമർപ്പിച്ച അപ്പീൽ അപേക്ഷയുടെ ചുരുക്കം ചുവടെ ചേർക്കുന്നു:

ജൂനിയർ കൺസൾട്ടന്റ്മാരുടെ 2023-ലെ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് പരിഗണിക്കപ്പെട്ടില്ല. കരട് സ്ഥലംമാറ്റ പട്ടികക്കെതിരെയും, അന്തിമ സ്ഥലംമാറ്റ പട്ടികക്ക് എതിരെയും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചു. ആയതും പരിഗണിക്കപ്പെട്ടില്ല. 31.03.2025-ന് സർവ്വീസിൽ നിന്നും വിരമിക്കും. 2/2021 മുതൽ നിലവിലെ സ്റ്റേഷനായ വൈത്തിരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി നോക്കി വരുന്നു. എൻഡ്രോഗിയാണ്. അപ്പീൽ കമ്മിറ്റി സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് അപ്പീൽ നിരസിച്ചത്.

3) വൈത്തിരി താലൂക്ക് ആശുപത്രിയിലെ ഓർത്തോപീഡിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റായ

ഡോ. സുനിൽ ലാൽ കാഞ്ഞിരത്തിങ്കൽ പൊതു സ്ഥലം മാറ്റത്തിനായി കോഴിക്കോട് ജനറൽ ആശുപത്രി ഒന്നാം ഓപ്ഷൻ ആയും ഫറോഖ് താലൂക്ക് ആസ്ഥാന ആശുപത്രി രണ്ടാം ഓപ്ഷൻ ആയും കൊയിലാണ്ടി താലൂക്ക് ആസ്ഥാന ആശുപത്രി മൂന്നാം ഓപ്ഷൻ ആയും അപേക്ഷ സമർപ്പിച്ചിരുന്നു എങ്കിലും ടിയാൻ നിലവിലെ സ്ഥാപനമായ വൈത്തിരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ 3 വർഷക്കാലം പൂർത്തിയാക്കിയിട്ടില്ല (02.02.2021) എന്നും, ടിയാന്റെ ഒന്നാം ഓപ്ഷനായ കോഴിക്കോട് ജനറൽ ആശുപത്രിയിൽ 07/07/2018 മുതൽ പാലക്കാട് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ.മുഹമ്മദ് ബഷീർ.വി.-യ്ക്ക് സ്ഥലംമാറ്റം നൽകിയിരുന്നുവെന്നും, രണ്ടും മൂന്നും ഓപ്ഷനായി സമർപ്പിച്ച സ്ഥാപനങ്ങളിൽ പൊതു സ്ഥലം മാറ്റ മാനദണ്ഡ പ്രകാരം സ്ഥലം മാറ്റത്തിനു പരിഗണിക്കാൻ കഴിയുന്ന ഓർത്തോപീഡിക്സ് വിഭാഗം ജൂനിയർ കൺസൾടന്റ്മാർ ആരും തന്നെ ഉണ്ടായിരുന്നില്ല എന്നും ആയതിനാൽ ഡോ.സുനിൽലാലിന്റെ പൊതുസ്ഥലംമാറ്റ അപേക്ഷ പരിഗണിക്കുവാൻ കഴിഞ്ഞിരുന്നില്ല എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4) സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (3) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഡോ.സുനിൽലാൽ കാഞ്ഞിരത്തിങ്കൽ സമർപ്പിച്ച 26.06.2023-ലെ അപ്പീൽ അപേക്ഷ നിരസിച്ച്, അടുത്ത പൊതുസ്ഥലംമാറ്റത്തിൽ ടി മെഡിക്കൽ ഓഫീസറുടെ അർഹത അനുസരിച്ച് ടിയാന് പരിഗണ നൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

5) അപ്രകാരം, OA (EKM) 980/2023-മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 23.06.2023-ലെ ഉത്തരവ് അനുപാലനം ചെയ്തുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) എറണാകുളം
ഡോ.സുനിൽലാൽ കാഞ്ഞിരത്തിങ്കൽ, ജൂനിയർ കൺസൾട്ടന്റ്, ഉഷ കിരൺ അപ്പാർട്ട്മെന്റ്, ചേവായൂർ.പി.ഒ., കോഴിക്കോട് - 673 017.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Manjula G
Date: 17-02-2024 10:59:36
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ഇ.എ1- 25435/2023/ആ.വ.ഡ,
തീയതി 19.02.2024
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.
19/2/24
ആരോഗ്യ വകുപ്പ് ഡയറക്ടർക്കുവേണ്ടി